(ഫ) കമ്മീഷൻ ഇല്ലാ.

(ബ) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—അധഃകൃത വിദ്യാർത്ഥികൾക്കു പുസ്തകം മുതലായവ സപ്ലൈ ചെയ്ത വകയിൽ ൬,൪൦൦ ഉറുപ്പിക കൊടുത്തിട്ടുണ്ടു് എന്നു പറഞ്ഞിരിക്കുന്നു. അതു് ഈ കൊച്ചീരാജ്യത്തിൽ എവിടേക്കെല്ലാമാണെന്നു അറിഞ്ഞാൽ കൊള്ളാം.

രാമവർമ്മതമ്പുരാൻ.—ഒട്ടാകെയാണു്.

Cloths, etc., to Depressed Class pupils.

117. മിസ്റ്റർ കെ. പി. വള്ളോൻ.—മിസ്റ്റർ കെ. കെ. ജോസഫിനു് ഫാറം ൬-ലും, ഫാറം ൭-ലും വിദ്യാർത്ഥികൾക്കു് മുണ്ടു് സപ്ലൈ വകയിൽ എത്ര സംഖ്യ കൊടുത്തിട്ടുണ്ടു്. ഈ വകയിൽ കമ്മീഷൻ കൊടുക്കുന്ന സംഖ്യ എത്ര?

രാമവർമ്മതമ്പുരാൻ.—൪,൦൦൦ രൂ. കമ്മീഷൻ കൊടുക്കുന്നില്ല.

Mahajana Sabha—Depressed Classes.

118. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃതരുടെ മഹാജന സഭയ്ക്കു് സംഘടന ഉണ്ടാക്കി കൊടുക്കുവാൻ ഗവർമ്മെണ്ടിനോടു അപേക്ഷിച്ചതിനു് അധഃകൃതരുടെ സംരക്ഷകൻ എന്തു മറുപടിയാണു് കൊടുത്തിട്ടുള്ളതു്; സംഘടനമൂലം ഒരു സമുദായത്തിനുണ്ടാകുവാനുള്ള ഗുണത്തെപ്പറ്റി സംരക്ഷകനു് വല്ലതും അറിയാമോ?

രാമവർമ്മതമ്പുരാൻ.—ധനസഹായമൊഴിച്ചു ബാക്കി എല്ലാ സഹായങ്ങളും ചെയ്യുവാൻ തയ്യാറാണെന്നാണു്. സംഘടനമൂലം ഒരു സമുദായത്തിനുണ്ടാകുന്ന ഗുണത്തെപ്പറ്റി ഗവർമ്മെണ്ടിനു് നല്ലപോലെ അറിയാം.

Hostel—Depressed Class students.

119. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃത വിദ്യാർത്ഥികൾക്കുവേണ്ടി തുടങ്ങുന്ന ഹോസ്റ്റലിൽ മാനേജരോ വാർഡനോ ആയി അധഃകൃതനെ നിയമിക്കുമോ?

രാമവർമ്മതമ്പുരാൻ.—പരീക്ഷയോഗ്യതയുള്ള അധഃകൃത അപേക്ഷകന്മാരുണ്ടെങ്കിൽ ഒഴിവു വരുമ്പോൾ നിയമിക്കുന്നതാണു്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ ഉദ്യോഗത്തിനു് എന്തുപരീക്ഷായോഗ്യത വേണം?

രാമവർമ്മതമ്പുരാൻ.—പരീക്ഷ ഇന്നതുവേണമെന്നു തീച്ചപ്പെടുത്തിക്കഴിഞ്ഞിട്ടില്ല. ആ ജോലി നോക്കത്തക്കവണ്ണം പരീക്ഷായോഗ്യതയുള്ള ആരാണെങ്കിലും ആ ആളെ നിയമിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ഡാക്ടർ എ. ആർ. മേനോൻ.—ആ ആക്ട് പാഷകപ്രവൃത്തിയും കൂടി അറിയുന്നവനായിരുന്നാൽ അതും കൂടി നോക്കിക്കൂടേ എന്നുള്ളതുമല്ലേ?

രാമവമ്മതമ്പുരാൻ.—വാർഡനു് അതൊന്നും വേണമെന്നു തോന്നുന്നില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—അധ്യാപകത വിദ്യാർത്ഥികൾക്കുവേണ്ടി തുടങ്ങുന്ന ഹോസ്റ്റലിൽ മാനേജരോ വാർഡനോ ആയി അധ്യാപകനെ നിയമിക്കുമോ എന്ന ചോദ്യത്തിനു് ഒഴിവുവരുമ്പോൾ നിയമിക്കുന്നതാണെന്ന മറുപടി പറഞ്ഞിരിക്കുന്നു. ഇപ്പോൾ ഒഴിവു വന്നിട്ടില്ലെന്നാണോ അതിന്റെ അർത്ഥം?

രാമവമ്മതമ്പുരാൻ.—അതെ, ഒഴിവുവരുമ്പോൾ വക്കാമെന്നാണ്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഇപ്പോൾ ആ ജോലി ഒഴിവില്ലാതിരിക്കയാണോ?

രാമവമ്മതമ്പുരാൻ.—അതു് തുടങ്ങിക്കഴിഞ്ഞിട്ടുപോലുമില്ല. തുടങ്ങിക്കഴിഞ്ഞാലേ ഒഴിവു ഉണ്ടാകയുള്ളൂ. അപ്പോൾ ഒരാളെ വക്കാമെന്നാണ് പറഞ്ഞിട്ടുള്ളതു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഈ ചോദ്യത്തിൽ പറയുന്ന ഹോസ്റ്റൽ തുടങ്ങീട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—ഇല്ല. അതല്ലേ ഇവിടെ പറഞ്ഞതു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—തുടങ്ങുന്ന സമയത്തു് ഒരു അധ്യാപകനെ ആ ജോലിയിൽ നിയമിക്കുമോ?

രാമവമ്മതമ്പുരാൻ.—വക്കുവാൻ വിരോധമില്ല. അയാൾക്കു ഒരു മിനിമം കപ്പാളിഫിക്കേഷൻ വേണം.

മിസ്റ്റർ ജോസഫ് പെട്ട.—മിനിമം കപ്പാളിഫിക്കേഷൻ എന്താണെന്നു തീച്ചയാക്കീട്ടില്ലേ?

രാമവമ്മതമ്പുരാൻ.—ഇതുവരെ തീച്ചയാക്കീട്ടില്ല.

Well—Depressed Class Colony —Aranattukara.

120. മിസ്റ്റർ കെ. പി. വള്ളോൻ.—(a) അരനാട്ടുകര അധ്യാപകത കോളനിയിൽ കിണറു കുഴിപ്പിച്ചതിനു് കൊടുക്കുവാനുണ്ടായിരുന്ന സംഖ്യ കൊടുത്തുവോ; ഇല്ലെങ്കിൽ എന്തുകൊണ്ടു കൊടുത്തില്ല;

(b) ടി സംഖ്യ കിട്ടായ്കയാൽ അധ്യാപകർ ദിവാൻജി അവർകൾക്കു് ഹരജി കൊടുത്തതിനു് ടി അധ്യാപക സംഘം സിക്രട്ടേരിയെ സംരക്ഷകൻ ദ്വേഷിച്ചിട്ടു അടിക്കുവാനും ഇടിക്കുവാനും മറ്റും ചെല്ലുകയുണ്ടായോ;

(c) ഈ സംഭവത്തെപ്പറ്റി ദിവാൻജി അവർകൾക്കു് വല്ല ഹരജിയും കിട്ടീട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ചു അന്വേഷണം നടത്തിയതാരാണു്; അന്വേഷണഫലമെന്തു്?

LIBRARY ARCHIVES Kerala Legislative Assembly